(ബി) ആലപ്പുഴ ഡിവിഷന്റെ കീഴിൽ മാവേലിക്കര സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന ചെങ്ങന്നൂർ, മാവേലിക്കര സെക്ഷനുകളിൽ മൂന്നാം ഗ്രേഡ് ഓവർസിയറുടെ തസ്തികയിൽ ഓരോ സെക്ഷനിലും മൂന്ന് വീതം അനുവദിക്കപ്പെട്ട തസ്തികകളാണ് ഉള്ളത്. ഒഴിവുകൾ ഒന്നും ഇല്ലാതിരുന്ന സമയത്ത് ചെങ്ങന്നൂർ സെക്ഷനെ അപേക്ഷിച്ച് മാവേലിക്കര സെക്ഷനിൽ കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്തിയതിനാൽ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ഓവർസിയറെ ട്രാൻസ്ഫർ ചെയ്ത് ഉത്തരവിറക്കിയിരുന്നു. 2010 നവംബർ മാസത്തിൽ ചെങ്ങന്നൂർ സെക്ഷനിൽ നിന്നും ഒരു ഓവർസിയർ ട്രാൻസ്ഫർ ആയപ്പോൾ ഉണ്ടായ തസ്തികയുടെ ചുമതലകൾ മാവേലിക്കര വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കുന്ന ഓവർസിയറാണ് നിർവ്വഹിക്കുന്നത്. തിരുവല്ല ഡിവിഷന്റെ കീഴിൽവരുന്ന തിരുവല്ല സെക്ഷനിൽ 2 ഓവർസിയർമാരുടെയും ഗാർഡനർ, വാച്ച്മാൻ, ക്ലീനർ, ഷിഫ്റ്റ് മസ്ദൂർ എന്നിവരുടേയും ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചങ്ങനാശ്ശേരി സബ്ഡിവിഷനിൽനിന്നും ഒരു ഫുൾടൈം സ്വീപ്പറും, തിരുവല്ലാ സെക്ഷനിൽനിന്നും പുല്ലാട് സെക്ഷനിലേയ്ക്ക് ക്ലീനർ, ഗാർഡനർ എന്നീ തസ്തികകളിൽ രണ്ടുപേരും വർക്കിംഗ് അറേഞ്ചുമെന്റിൽ ജോലി നോക്കുന്നു.

(സി&ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് തടസ്സം ഉണ്ടാകാതിരിക്കാനാണ് വർക്കിംഗ് അറേഞ്ചുമെന്റിൽ ജീവനക്കാർ തുടരുന്നത്,

മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

135 (585) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അന്തിക്കാട്, മണലൂർ, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാട്ടർ അതോറിറ്റി വഴിയുള്ള ജലവിതരണം കൂടുതൽ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രാദേശിക കുടിവെള്ള പദ്ധതികൾക്കുള്ള സാധ്യതകൾ പരിശോധിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണലൂർ, വെങ്കിടങ്ങ് പഞ്ചായത്തുകൾക്ക് നിലവിൽ പീച്ചി റിസർവോയറിന് സമീപമുള്ള ശുദ്ധീകരണശാലയിൽ നിന്നാണ് ജലവിതരണം നടത്തുന്നത്. മണലൂർ, കാരമുക്ക് വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടെ പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മണലൂർ, കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കാൻ 541 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി ടെക്നോളജി മിഷൻ സ്കീമിലുൾപ്പെടുത്തി ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. മണലൂർ-കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ പൂർത്തീകരണത്തോടുകൂടി വെങ്കിടങ്ങ് പഞ്ചായത്തിലും പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

അന്തിക്കാട് പഞ്ചായത്തിൽ നിലവിൽ കാരളം, പടിയൂർ, പാലൂർ, താന്നിയം, അന്തിക്കാട് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതിയുടെ പാഴൂരിലുള്ള ശുദ്ധീകരണശാലയിൽ നിന്നുള്ള കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്. പൈപ്പ് ലൈനുകളിലെ കേടുപാടുകൾ നിമിത്തം അന്തിക്കാട് പഞ്ചായത്തിലെ ജലവിതരണത്തിൽ കുറവ് വന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അത്തരം നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

വടകര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

136 (586) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വടകര മണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റിയിൽ പാക്കയിൽ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എം.എൽ.എ.-മാരുടെ ഒരു കോടി വികസന ഫണ്ടിൽനിന്ന് 60 ലക്ഷം രൂപ നീക്കിവെച്ച് സ്ഥലം എം.എൽ.എ. വകുപ്പിന് കത്ത് നൽകിയെങ്കിലും വാട്ടർ റിസോഴ്സ് ഡിപ്പാർട്ട്മെന്റിന്റെ അനാസ്ഥ കാരണം ഫണ്ട് യഥാവിധി വിനിയോഗിക്കുവാൻ സാധിക്കാതെപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി.-ക്ക് സ്ഥലം എം.എൽ.എ. നൽകിയ പരാതിയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര മണ്ഡലത്തിലെ പാക്കയിൽ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നിർദ്ദേശം 'ഒരു നിയമസഭാ മണ്ഡലത്തിൽ 2 കോടി രൂപയുടെ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പിന്റെ ഉപദേശപ്രകാരം വാട്ടർ അതോറിറ്റിയുടെ റെഗുലർ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ റെഗുലർ സ്കീമിലെ ഫണ്ടിന്റെ അപര്യാപ്തത അറിയിച്ചതുകാരണം പ്രസ്തുത നിർദ്ദേശം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനക്ക് സമർപ്പിക്കുകയും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദീകരണം കണക്കിലെടുത്ത് പദ്ധതി പരിഗണിക്കേണ്ടതില്ലെന്ന് അറിയിക്കുകയുമുണ്ടായി.

(ബി) ഇത് സംബന്ധിച്ച് 6-1-2011-ൽ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ നിർദ്ദേശം ഇപ്പോൾ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly